(ഇ) ഇവരെ അറസ്റ്റ് ചെയ്തതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ മുതൽ ഇ വരെ) വിവരം ശേഖരിച്ചുവരുന്നു.

ക്രിമിനൽ കേസ്സിന്റെ പേരിൽ നിയമനം തടഞ്ഞ നടപടി

59 [1534] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. അഡ്വൈസ് ലഭിച്ച് നിയമനത്തിന് പോകുന്ന ഉദ്യോഗാർത്ഥികൾ അവരുടെ പേരിലുള്ള ക്രിമിനൽ കേസ്സുകളെ സംബന്ധിച്ച അറിവില്ലാത്തതു മൂലം ആയത് രേഖപ്പെടുത്താത്തതുകൊണ്ട് സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി എത്ര പേരുടെ നിയമനം തടഞ്ഞുവച്ചിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര നിവേദനങ്ങൾ ആഭ്യന്തര വകുപ്പിനും മുഖ്യമന്ത്രിക്കും ലഭിച്ചിട്ടുണ്ട് എന്നും ഇവയിൻമേൽ എന്തു നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ട് എന്നും അറിയിക്കുമോ;

(സി) നിയമനം തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ളവർക്ക് അവരുടെ പേരിലുള്ള കേസ്സുകൾ തീർപ്പാക്കുന്നതുവരെ നിയമനം നൽകുവാനും അവർക്കെതിരെയുള്ള കേസ്സുകളിൽ ശിക്ഷിക്കപ്പെടുകയാണെങ്കിൽ അതിനു ശേഷം അവരെ സർവ്വീസിൽ നിന്നും പുറത്താക്കുന്നതിനും പ്രസ്തുത വകുപ്പുകൾക്ക് അടിയന്തിര നിർദ്ദേശം നൽകുമോ;

(ഡി) ഇത്തരത്തിൽ മുഖ്യമന്ത്രിക്കു നിവേദനം നൽകി ഉത്തരവു കാത്തിരിക്കുന്ന പാലക്കാട് ജില്ലയിലെ ഉദ്യോഗാർത്ഥികൾ എന്നാണ് മുഖ്യമന്ത്രിക്ക് നിവേദനം നൽകിയത് എന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിൻമേൽ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ), (ബി), (സി), (ഡി) & (ഇ) വിവരം ശേഖരിച്ചുവരുന്നു

സർവ്വീസ് ബുക്ക് നഷ്ടപ്പെടുത്തുന്നവർക്കെതിരെ നടപടി

60 [1535] ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-ൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ചില പോലീസ് ഉദ്യോഗസ്ഥന്മാരുടെ സർവ്വീസ് ബുക്ക് നഷ്ടപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly